# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1027 — 11.03.2015 ലെ മറുപടിക്ക്

### ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി.ജോർജ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും യോജിച്ച് നടപ്പിലാക്കിവരികയാണ്. |
| ബി) | എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുവാനുള്ള സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, പ്ലാസ്റ്റിക്ക് പെല്ലറ്റിംഗ് യൂണിറ്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. |
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ; | സി) | ടൂറിസം വകുപ്പ് ഇതിനായി നൽകുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിനിയോഗിക്കുന്നത്. |
| ഡി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ? | ഡി) | കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ